**No. CEE/5050/MDS-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

**2020–ലെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020 പുതുക്കിയ കേരള സ്റ്റേറ്റ് റാങ്ക്/കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2020–ലെ ബിരുദാനന്തര ബിരുദ ദന്തൽ (ഡിഗ്രി) കോഴ്സ് പ്രവേശന മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ടുള്ള 02.07.2020 തീയതിയിലെ MOHF.V.12025/50/2020/-DE കത്ത് പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്കും പ്രസ്തുത കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിന് അവസരം നൽകിയിരുന്നു. ഇത്തരത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിലൂടെ അപേക്ഷിച്ച, യോഗ്യത നേടിയ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ റാങ്ക് ലിസ്റ്റ്/കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികളുടെ റാങ്ക് വിവരം www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

അപേക്ഷയിൽ ന്യൂനതകളുള്ള വിദ്യാർത്ഥികൾക്ക് അവ പരിഹരിക്കുന്നതിന് 21.07.2020 വൈകീട്ട് 3.00 മണിവരെ സമയം നൽകിയിരുന്നു. ഓൺലൈൻ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കാത്ത അപേക്ഷകരെ തുടർന്നുള്ള അലോട്ട്മെന്റ് നടപടികളിൽ നിന്ന് ഒഴിവാക്കുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികളുടെ റാങ്കിന്റെയും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ് സൈറ്റിലൂടെ 17.07.2020 മുതൽ 23.07.2020 ഉച്ചയ്ക്ക് 12.00 മണി വരെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെയും അടിസ്ഥാനത്തിലായിരിക്കും പി.ജി. ദന്തൽ കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ മോപ്–അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.07.2020